മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹോസ്റ്റലിനു് അടുത്തു തന്നെ—അവരുടെ വീട്ടിൽ—താമസിയ്ക്കുവാൻ സൌകര്യമുള്ള വിദ്യാർത്ഥികൾ ഈ ഹോസ്റ്റലിൽ ചേരണമെന്നു് നിർബ്ബന്ധമുണ്ടോ ?

രാമവർമ്മ തമ്പുരാൻ.—നിർബ്ബന്ധമില്ല, സാധനങ്ങൾക്കു വില വളരെ കൂറഞ്ഞതുകൊണ്ടാണു് നമ്മുടെ ആക്കി കുറച്ചതു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—കഴിഞ്ഞ കൊടുത്തിരുന്നു എന്നു പറഞ്ഞതു് മാസാന്തം തന്നെ മുമ്പു കൊടുത്തിരുന്നുവോ ?

രാമവർമ്മ തമ്പുരാൻ.—കൊടുത്തിരുന്നു. ഹോസ്റ്റൽ തുറന്നിട്ടതന്നെ കുറച്ചു കാലമേ ആയിട്ടുള്ളൂ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഹോസ്റ്റലിൽ താമസിയ്ക്കുന്ന കുട്ടികൾ അധികം ആഹാരം കഴിയ്ക്കാറുണ്ടോ ?

രാമവർമ്മ തമ്പുരാൻ.— ഹോസ്റ്റലിൽ ചേരുന്നതിന്റെ ഉദ്ദേശം തന്നെ ചിലവു കുറയ്ക്കുവാനാണു്.

മിസ്റ്റർ പാലം മാത്തുള്ള.—വിദ്യാർത്ഥികൾ ഹോസ്റ്റലിൽ ചേരാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ?

രാമവർമ്മ തമ്പുരാൻ.— ഇല്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഒരു വിദ്യാർത്ഥിയ്ക്കു് നമ്മൾ കൊണ്ടു മതിയാകുമോ ?

രാമവർമ്മതമ്പുരാൻ.—അതേ ചിലവു വരികയുള്ളുവെന്നാണു് അറിയുന്നതു്.

Receipts and expenditure in the Trichur Cotton Hostel.

185. മിസ്റ്റർ കെ. പി. വള്ളോൻ—ക ക ഠ ന്-ൽ തൃശിവപേരൂർ കോട്ടൻ ഹോസ്റ്റലിൽ ആകെ ചിലവായിട്ടുള്ള സംഖ്യയെത്ര ?

അധഃകൃത വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻഡു വകയിൽ ആകെ വരവെത്ര ?

രാമവർമ്മതമ്പുരാൻ.—ക ,ക ഒ ഒ ക

ഹോസ്റ്റൽ ബോർഡർമാരായ അധഃകൃതവിദ്യാർത്ഥികൾക്കു സ്റ്റൈപ്പണ്ടിനു് അവകാശമില്ലാത്തതുകൊണ്ടു് ആഇനത്തിൽ വരവൊന്നുമില്ല.

മിസ്റ്റർ കെ പി. വള്ളോൻ.—അധഃകൃത ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടു് ?

രാമവർമ്മതമ്പുരാൻ.—എത്ര എന്നു് നിശ്ചയമില്ല. ഇരുപത്തഞ്ചോ, മുപ്പതോ പേർ കാണും.

Travelling allowance drawn by the Protector of the Depressed Classes

186. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ക ക ഠ വ-ലും ക ക ര ന-ലുമുള്ള മീനമാസങ്ങളിൽ അധഃകൃത സംരക്ഷകനവർകൾ ടാവലിംഗു് അലവൻസു് വാങ്ങീട്ടുള്ള തുകകളുടെ ഒരു ലിസ്റ്റു് അനുബന്ധമായി ചേർക്കുവാൻ ഭയമോന്നുമോ;

LIBRARY ARCHIVES Kerala Legislative Assembly

(b) ടി ആണ്ടുകളിലും മാസങ്ങളിലും ലേബർ ഇൻസ്പെക്ടർ ഓഫീസിലേക്ക് അലവൻസ്സ് വാങ്ങീട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ — (a) അലവൻസ് വാങ്ങിയ തുക താഴെ ചേർക്കുന്നു.—

	൧൯൨൦ വൃശ്ചികം	൧൯൨൧ മീനം
സംരക്ഷകൻ	൨൫ ക.	൫൦ ക.

(b) ലേബർ ഇൻസ്പെക്ടർ ൧൯൨൦—൨൧—൦ ൩൦ ക.

Education of the Depressed Classes—expenditure on.

187. മിസ്റ്റർ കെ. പി. വള്ളോൻ.—൧൯൨൦ ൽ സംരക്ഷണ വകുപ്പിൽനിന്നും അധഃകൃത വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പിലേക്ക് ചിലവുചെയ്തിട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ.—൧൯൨൦ ൽ അധഃകൃത വിദ്യാർത്ഥികൾക്കുള്ള സ്കൂളുകളുടെ ഭരണച്ചിലവിലേക്ക് അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലേക്ക് ൧൯,൨൫ ഉറുപ്പിക ചിലവു ചെയ്തിട്ടുണ്ട്.

Depressed Classes Co-operative Society—expenditure on.

188. മിസ്റ്റർ കെ. പി. വള്ളോൻ— അധഃകൃതസംരക്ഷണ വകുപ്പിൽനിന്നും ൧൯൨൦ ൽ അധഃകൃതരുടെ പരസ്പര സഹായ സംഘത്തിനുവേണ്ടി ചിലവുചെയ്തിട്ടുള്ള സംഖ്യ എത്ര;

(b) മറ്റുള്ള പരസ്പര സഹായ സംഘത്തിനുവേണ്ടി ചിലവുചെയ്യുന്ന സംഖ്യ ഏതു ഡിപ്പാർട്ടുമെണ്ടിൽനിന്നാണ് ?

രാമവമ്മതമ്പുരാൻ.—(a) ൧൯൨൦ ൽ അധഃകൃത പരസ്പര സഹായസംഘങ്ങൾക്കുവേണ്ടി ക. വ്വ നു—൨൦ ചിലവു ചെയ്തിട്ടുണ്ട്.

(b) മറ്റുള്ള പരസ്പര സഹായ സംഘങ്ങൾക്കുവേണ്ടി ചിലവു ചെയ്യുന്നതു് അതാതു സംഘത്തിൽ നിന്നാണെന്നറിയുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം — എന്തൊവശ്യത്തിനാണ് ഈ സംഖ്യ കൊടുത്തതു് ?

രാമവമ്മതമ്പുരാൻ.—ബുക്ക്സ്, സ്റ്റേറ്റ്സ്, സ്കൂൾ മെറ്റീരിയൽസ്, ക്ലീനിംഗ് ചാർജ്ജസ് ഇവകൾക്കു വേണ്ടിയാണു .

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതു പരസ്പരസഹായസംഘം വഴിയാണോ സാധാരണ കൊടുക്കാറുള്ളതു് ?

രാമവമ്മതമ്പുരാൻ.—അന്വേഷിച്ചു വേണം പറവാൻ.

മിസ്റ്റർ കെ. അയ്യപ്പൻ.—പുസ്തകങ്ങൾക്കു മാത്രമായിട്ട് എന്തു ചിലവാകും ?

രാമവമ്മതമ്പുരാൻ—ഏതെല്ലാം ഇനങ്ങളിൽ എത്രയെത്ര ചിലവാക്കിയെന്നു് അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—സംഘം ഒരു കുഡിറ സൊസൈറ്റിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly